പതിനാറാം കേരളനിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 2749 28-10-2026-ൽ മറുപടിയ്ക്ക്

ഒല്ലൂർ നിയോജകമണ്ഡലത്തിലെ കുടിവെള്ള വിതരണവും ജലവിതരണ പദ്ധതികളും

ചോദ്യം ഉന്നയിച്ച അംഗങ്ങൾ **മറുപടി നൽകിയ മന്ത്രി**

ശ്രീ. കെ. രാജൻ ശ്രീ. മോൻസ് ജോസഫ്
(ജലവിഭവ - ഭവനനിർമ്മാണ വകുപ്പ് മന്ത്രി)

(എ) ഒല്ലൂർ നിയോജകമണ്ഡലത്തിൽ കേരള വാട്ടർ അതോറിറ്റി മുഖേന നിലവിൽ നടപ്പിലാക്കിവരുന്ന കുടിവെള്ള പദ്ധതികൾ ഏതെല്ലാമാണെന്നും ഓരോ പദ്ധതിയുടെയും നിലവിലെ പുരോഗതി, അനുവദിച്ച തുക, ചെലവഴിച്ച തുക, പൂർത്തീകരണത്തിനുള്ള കാലാവധി എന്നിവ വ്യക്തമാക്കാമോ;

മറുപടി: തൃശ്ശൂർ കോർപ്പറേഷൻ പരിധിയിൽ ഒല്ലൂർ സോണിൽ ഉൾപ്പെടുന്ന 24 മുതൽ 31 വരെയുള്ള ഡിവിഷനുകളിൽ കുടിവെള്ള വിതരണതോത് ഉയർത്തുന്നതിനായി അമൃത് 2.0 പദ്ധതിയിൽ ഉൾപ്പെടുത്തി 35.2 കോടി രൂപക്ക് ഭരണാനുമതി നൽകിയിട്ടുള്ളതും 12 പ്രവൃത്തികളിലായി നടപ്പിലാക്കി വരുന്നതുമാണ്. ഇതിൽ 9 പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടുണ്ട്. ബാക്കി പ്രവൃത്തികളുടെ 50% പൂർത്തീകരിച്ചിട്ടുണ്ട്. കൂടാതെ വിതരണ ശൃംഖല സ്ഥാപിച്ച് 1600 ഗാർഹിക കണക്ഷനുകൾ നൽകുന്നതിന് 3.91 കോടി രൂപയുടെ ഭരണാനുമതി നൽകിയിട്ടുള്ള പ്രവൃത്തിയുടെ 50% ഉം പൂർത്തീകരിച്ചിട്ടുണ്ട്. പ്രവൃത്തികളുടെ വിശദാംശങ്ങൾ **അനുബന്ധം 1** ആയി ഉൾപ്പെടുത്തുന്നു.

ജെ ജെ എം- 2022-23-പുത്തൂർ പാണഞ്ചേരി മടക്കത്തറ പഞ്ചായത്തിലേക്കുള്ള കുടിവെള്ള പദ്ധതിയ്ക്കായി 29,066.08 ലക്ഷം രൂപ അനുവദിച്ചതിൽ 10097.85 ലക്ഷം രൂപ ചെലവഴിച്ചിട്ടുണ്ട്. നിലവിൽ ടി പ്രവൃത്തിയുടെ 65 ശതമാനം പൂർത്തീകരിച്ചിട്ടുണ്ട്. പൂർത്തീകരണ കാലാവധി 30/12/2028 വരെയാണ്.

ജൽജീവൻ മിഷൻ പദ്ധതിയിൽ ഒല്ലൂർ മണ്ഡലത്തിലെ ഭരണാനുമതി തുകയും, ഭരണാനുമതി ലഭിച്ച കണക്ഷനുകളുടെയും നൽകിയ കണക്ഷനുകളുടെയും വിവരങ്ങൾ **അനുബന്ധം 2**ആയി ചേർക്കുന്നു.

മറ്റ് പ്രവൃത്തികളുടെ വിശദാംശങ്ങൾ **അനുബന്ധം 3** ആയി ചേർക്കുന്നു.

(ബി) മണ്ഡലത്തിലെ വിവിധ പ്രദേശങ്ങളിൽ കുടിവെള്ള ക്ഷാമം നേരിടുന്നതും ജലവിതരണം തടസ്സപ്പെടുന്നതും സംബന്ധിച്ച് ലഭിച്ച പരാതികൾ എത്രയാണെന്നും ഇവ പരിഹരിക്കുന്നതിന് സ്വീകരിച്ച നടപടികൾ എന്തെല്ലാമാണെന്നും വ്യക്തമാക്കാമോ;

മറുപടി: 179 പരാതികൾ ലഭിച്ചിരുന്നു. പൈപ്പിൽ തടസ്സങ്ങൾ ഉണ്ടോ എന്നും, വാൽവുകൾ പ്രവർത്തനക്ഷമമാണോ എന്നും പരിശോധിച്ച് ഉറപ്പുവരുത്തിയാണ് ഈ പരാതികൾ പരിഹരിച്ചത്. അറ്റകുറ്റപണികളുമായി ബന്ധപ്പെട്ട് വാൽവുകൾ അടക്കേണ്ടി വരുന്ന സാഹചര്യത്തിൽ ലീക്കുകൾ പരിഹരിക്കുന്ന മുറക്ക് ജലവിതരണം പുനഃസ്ഥാപിക്കാറുണ്ട്.

(സി) നിലവിലുള്ള കുടിവെള്ള പദ്ധതികളുടെ ശേഷി വർധിപ്പിക്കുന്നതിനും കാലപ്പഴക്കം ചെന്ന പൈപ്പുകൾ മാറ്റിസ്ഥാപിക്കുന്നതിനും പുതിയ പൈപ്പ് ലൈനുകൾ സ്ഥാപിച്ച് ജലവിതരണം മെച്ചപ്പെടുത്തുന്നതിനും പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ടോ;

മറുപടി: പുത്തൂർ പാണഞ്ചേരി മടക്കത്തറ പഞ്ചായത്തുകളിലെ നിലവിലെ കുടിവെള്ള പദ്ധതി അപര്യാപ്തമാണ്. ആയതിനാൽ ഈ പഞ്ചായത്തുകളിലെ എല്ലാ ഭാഗങ്ങളിലേക്കും കുടിവെള്ളം ലഭ്യമാക്കുന്നതിനായി 2030 വരെയുള്ള ഡിമാൻഡ് കണക്കാക്കി സമഗ്ര കുടിവെള്ള പദ്ധതിയാണ് ആവിഷ്കരിച്ചിട്ടുള്ളത്. കൂടാതെ കാലഹരണപ്പെട്ട പൈപ്പുകൾ മാറ്റി സ്ഥാപിക്കുന്ന പ്രവർത്തികൾ സ്റ്റേറ്റ് പ്ലാൻ, ജെ.ജെ.എം., അമൃത്, ഡെപ്പോസിറ്റ് എന്നീ ഹെഡുകളിൽ ഉൾപ്പെടുത്തി നടപ്പിലാക്കുകയും അറ്റകുറ്റ പണികൾ സമയബന്ധിതമായി നടത്തി ലീക്കുകൾ പരിഹരിക്കുകയും ചെയ്ത് വരുന്നു.

അമൃതിൽ ഉൾപ്പെട്ട Amrut 2.0 Design, Construction and commissioning of 5 MLD WTP-WSS to Olllur Zone in Thrissur Corporation in Thrissur District എന്ന പ്രവർത്തിയുടെ പൂർത്തീകരണത്തോടെ നിലവിലുള്ള കുടിവെള്ള പദ്ധതിയുടെ ശേഷി വർദ്ധിക്കുന്നതാണ്. Amrut 2.0 Swap 5- Providing 1000 FHTCs in Ollur Zonal area എന്ന പ്രവർത്തിയിൽ ഉൾപ്പെടുത്തി കാലപ്പഴക്കം ചെന്ന പൈപ്പുകൾ മാറ്റി സ്ഥാപിക്കുകയും പുതിയ പൈപ്പ് ലൈനുകൾ സ്ഥാപിച്ച് ജലവിതരണം മെച്ചപ്പെടുത്തുന്നതിനുള്ള നടപടികളും സ്വീകരിച്ചു വരുന്നു.

(ഡി) ഒല്ലൂർ നിയോജകമണ്ഡലത്തിലെ എല്ലാ പ്രദേശങ്ങളിലും മതിയായ അളവിൽ ശുദ്ധജലം ലഭ്യമാക്കുന്നതിനായി ബന്ധപ്പെട്ട തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുമായി ഏകോപിപ്പിച്ച് പ്രത്യേക പ്രവർത്തനപദ്ധതി തയ്യാറാക്കുമോയെന്ന് വ്യക്തമാക്കാമോ?

മറുപടി: നിലവിൽ നടപ്പിലാക്കി വരുന്ന Amrut 2.0 Design, Construction and commissioning of 5 MLD WTP-WSS to Olllur Zone in Thrissur Corporation in Thrissur District എന്ന പ്രവർത്തിയുടെ പൂർത്തീകരണത്തോടെ നിലവിലുള്ള

കുടിവെള്ള പദ്ധതിയുടെ ശേഷി വർദ്ധിക്കുന്നതാണ്. Amrut 2.0 – Swap 5- Providing 1000 FHTCs in Ollur Zonal area എന്ന പ്രവർത്തിയിൽ ഉൾപ്പെടുത്തി കാലപ്പഴക്കം ചെന്ന പൈപ്പുകൾ മാറ്റി സ്ഥാപിക്കുകയും പുതിയ പൈപ്പ് ലൈനുകൾ സ്ഥാപിച്ച് ജലവിതരണം മെച്ചപ്പെടുത്തുന്നതിനുള്ള നടപടികൾ പുരോഗമിച്ചു വരുന്നു.

തൃശ്ശൂർ കോർപ്പറേഷനുമായി ബന്ധപ്പെട്ടാണ് വിവിധ പ്രവൃത്തികൾ അമൃത് പദ്ധതിയിൽ ഉൾപ്പെടുത്തി നടപ്പിലാക്കി വരുന്നത്. കൂടാതെ ഒല്ലൂർ സോണിൽ 27, 28 ഡിവിഷനുകളിൽ 24x7 കുടിവെള്ള വിതരണം ചെയ്യുന്നതിനായി 10.5 കോടി രൂപയുടെ പ്രവൃത്തിക്ക് ഭരണാനുമതി നൽകിയിട്ടുള്ളതും ദർഘാസ് നടപടികൾ സ്വീകരിച്ചിട്ടുള്ളതുമാണ്. മറ്റ് ഡിവിഷനുകളിൽ മതിയായ അളവിൽ ശുദ്ധജലം ലഭ്യമാക്കുന്നതിന് ആവശ്യമെങ്കിൽ തൃശ്ശൂർ കോർപ്പറേഷനുമായി ഏകോപിച്ച് പുതിയ പ്രവൃത്തികൾ ആസൂത്രണം ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.

സെക്ഷൻ ഓഫീസർ

Annexure I

LA no. 2749 (A)
AMRUT 2.0 - Thrissur Corporation - Ollur zone - Details of works under Irinjalakuda Division

Sl No	Name of Work		AS Amount in Lakhs	Expenditure in Lakhs	Progress in %	Completion Date/ Expected date of completion	Remarks
1	AMRUT 2.0-SWAP-1- Constn of 6.0m dia intake well, Supply, erection and commissioning of RW Pump set, Construction and commissioning of 5 MLD WTP at Arattupuzha, providing dedicated feeders and providing 8000 nos.of FHTCs for Ollur zone of Thrissur Corpn.	Package 1- AMRUT- 2.O -Providing FHTC's by augmentation /retrofitting of existing water supply schemes to Thrissur Corporation(8000 nos) - Part1-Division 24 and Division 26 (Balance FHTC) - Pipeline Work	3520	71.19286	100%	19.05.2025	Completed
2		Package 2- AMRUT-2.O-Providing FHTCs by augumentation /retrofitting of existing water supply schemes to Thrissur Corporation (8000nos)-Division 25 and Division 30 (BalanceFHTC) Pipeline Work		72.87706	100%	19.05.2025	Completed
3		Package 3- AMRUT 2.O -Providing FHTC's by augumentation /retrofitting of existing water supply schemes to Thrissur Corporation (8000 nos)-Division 26-Pipeline Work		0.05927	100%	29.11.2025	Final bill under scrutiny
4		Package 4- AMRUT2.O -Providing FHTC's by augumentation /retrofitting of existing water supply schemes to Thrissur Corporation(8000 nos) -Division 27 - Pipeline Work		60.19364	100%	20.11.2025	Completed
5		Package 5- AMRUT 2.O -Providing FHTC's by augumentation /retrofitting of existing water supply schemes to Thrissur Corporation(8000 nos)-Division 28- Pipeline Work		56.98114	100%	20.11.2025	Completed
6		Package 6- AMRUT 2.O-Providing FHTC's by augumentation /retrofitting of existing water supply schemes to Thrissur Corporation(8000 nos)-Division 29 & Balance Pipe line of Division 28		60.97612	100%	20.11.2025	Completed
7		Package 7- AMRUT 2.O-Providing FHTC's by augumentation /retrofitting of existing water supply schemes to Thrissur Corporation(8000 nos)-Division 30- Pipeline Work		79.93434	100%	23.04.2026	Completed

Sl No	Name of Work		AS Amount in Lakhs	Expenditure in Lakhs	Progress in %	Completion Date/ Expected date of completion	Remarks
8		Package 8- AMRUT-2.O-Providing FHTCs by augumentation /retrofitting of existing water supply schemes to Thrissur Corporation(8000 nos)-Division 31-Pipeline Work		59.6958	100%	30.11.2025	Completed
9		Package 9- AMRUT 2.0 - Ollur zone in Thrissur Corporation - Construction of 6 m dia Intakewell cum pump house, Supply,erection, commissioning and trail run of VT raw water motor pump set -2nos. and Supply, laying of RW pumping main of 300mm dia DI K9 pipe-General Civil Work.		28.83191	23%	31/12/27	Leading pipe to water from existing raw water,8lift ring of R.C.C well sinking completed.
10		Package 10- AMRUT 2.0 - Design, construction and commissioning of 5.0 MLD WTP - WSS to Ollur zone in Thrissur Corporation in Thrissur District -General Civil Work		306.1346	35%	31/12/27	Drainage chamber work going on,clariflocculator slab work to be completed
11		Providing Dedicated Feeder line from Substation to Arattupuzha, Palakkadavu and Supply, errection, commissioning of 1.1KV Transformer at palakkadavu		0	0		Fund Deposited to KSEB.
12		Road restoration (Balance work)		0	100%	8.4.2026	Completed
13	AMRUT 2.0 - SWAP 3 - Providing 1600 FHTCs in Ollur Zonal Area - Pipeline work	AMRUT 2.0 - SWAP 3 - Providing 1600 FHTCs in Ollur Zonal Area - Pipeline work	391	8.41116	50%	26.12.2026	5.346km Pipe Line Laid. 396nos FHTC Given. 1.7km Road Restoration Concreting Completed.

Annexure II

അനുബന്ധം II

ജല ജീവൻ മിഷൻ പദ്ധതിയിൽ ഒല്ലൂർ മണ്ഡലത്തിലെ ഭരണാനുമതി തുകയും ഭരണാനുമതി ലഭിച്ച കണക്ഷനുകളുടെയും നൽകിയ കണക്ഷനുകളുടെയും വിവരങ്ങൾ

പഞ്ചായത്ത്	ആകെ ഗ്രാമീണ വീടുകൾ	JJM നു മുൻപ് ഉണ്ടായിരുന്ന കണക്ഷൻ	ഭരണാനുമതി നൽകിയ കണക്ഷൻ	ഭരണാനുമതി തുക (ലക്ഷം)	JJM തുടങ്ങിയ ശേഷം നൽകിയ കണക്ഷൻ	നിലവിൽ മൊത്തം കണക്ഷൻ	ഇനി നൽകാനുള്ള കണക്ഷൻ
Madakkathara	7121	1457	5664	7798.42	16	1473	5648
Nadathara	8570	5107	3154	2223.02	1717	6824	1746
Pannanchery	11931	3762	8169	11228.93	1202	4964	6967
Puthur	12233	0	12233	12164.73	1053	1053	11180
total	39855	10326	29220	33415.10	3988	14314	25541

Annexure III

LA no. 2749 (A)
Other Works - Thrissur Corporation

Sl No	Name of Work	AS Amount in Lakhs	Expenditure in Lakhs	Progress in %	Completion Date/ Expected date of completion	Remarks
1	AMRUT II – Design Construction and commission of 3 MLD WTP Reservoir for Ollukkara Zone in Thrissur Corporation – Construction of 3 MLD WTP and 10 LL OH Tank at Mulayam – General Civil Work	1018 Lakhs	714.15262	93%	30.01.2027	Work ongoing
2	JJM Vth SLSSC-WSS to Nadathara GP in thrissur District – Providing and laying Distribution lines & 654 FHTCs to Nadathara Zone Package I pipe line work	866.00 Lakhs	160.91788	50%	31.01.2027	576 FHTCs and 147 HTCs are given,7.5km pipe laid,2500m DI pipe supplied
3	JJM Vth SLSSC WSS to Nadathara GP Thrissur District Construction of 1.5 MLD WTP – Pipe line work		Nil	5%	31.12.2027	Site hand overing completed, work not started, design approved
4	State Plan-2026-27 Draught RWSS to Puthur Moorkkinikkara, Pazhathallam, Marottichal, Vettukad in Puthur GP – Laying 160mm PVC pipe-9 mtr Pump house to Kainoor Road	1.28 lakhs	1.07906	100%	22.09.2026	Work completed, bill under preparation
5	State Plan-Chlorinator-Supply erection testing and commissioning of floor mounted type vacuum operated gas feed Chlorinator-capacity 10 Kg/hr at Peechi 20 MLD water treatment plant. - General Civil WorkGeneral Civil Work	15.90 Lakhs	10.29420	100%	11.02.2026	Work completed, fund requested.
6	State Plan - 2025-2026 – TWSS - Filter bed channel covering for 20MLD WTP at Peechi - General Civil Work	0.95 Lakhs	0.94535	100%	28.11.2025	Work Completed. Fund requested.

Sl No	Name of Work	AS Amount in Lakhs	Expenditure in Lakhs	Progress in %	Completion Date/ Expected date of completion	Remarks
7	State Plan-2025-2026-TWSS-Replacing 300mm sluice valves at 20 MLD WTP at Peechi-General Civil Work	4.50 Lakhs	Nil	50%	23.12.2026	work order issued and work is Ongoing
8	State Plan 2026-27 - Rejuvination of 36 MLD WTP - Replacing Filter media, Strengthening filter house, Truss work and Painting of 36 MLD Water Treatment Plant at Peechi - General Civil Work	163.60 Lakhs	Nil	0%		Tendering on going in circle
9	AMRUT 2.0 - THRISSUR WATER SUPPLY SCHEME-Design, Construction, and Commissioning of 20MLD Water Treatment Plant by demolishing the existing 14.50MLD Water Treatment Plant at Peechi	2190.0 Lakhs	39.11635	5%	31.12.2027	Work In Progress, Soil testing completed. Construction of WTP in Progress.